ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 –

Phone : 0471 – 2324951
0471 – 2325071
Tele FAX : 0471 – 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം.ഇ9/1788/19/സിഇ/ത.സ്വ.ഭ.വ** **തീയതി : 12/02/2020**

# പരിപത്രം

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - പൊതുസ്ഥലം മാറ്റം - ജീവനക്കാർ ഓൺലൈൻ മുഖാന്തരം സമർപ്പിക്കുന്ന വിവരങ്ങൾ നിയന്ത്രണാധികാരി അപ്രൂവൽ നൽകുന്നത് - സംബന്ധിച്ച്

സൂചന : 1. സ.ഉ(പി) നം. 3/2017/തസ്വഭവ തീയതി 25.02.2017.
2. 06.01.2020-ലെ ഇ9/1788/19/സിഇ/തസ്വഭവ നമ്പർ സർക്കുലർ.

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം (സാങ്കേതിക / മിനിസ്റ്റീരിയൽ വിഭാഗം) ജീവനക്കാരുടെ 2020 വർഷത്തിലെ പൊതുസ്ഥലം മാറ്റം നടത്തുന്നതിലേക്കുള്ള അപേക്ഷകൾ സൂചന സർക്കുലറിലൂടെ ക്ഷണിച്ചിട്ടുള്ളതാണ്. ടി അപേക്ഷ 2020 ജനുവരി 31-ാം തീയതിയ്ക്കുള്ളിൽ ഉചിതമാർഗ്ഗേണ. ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. പൊതുസ്ഥല മാറ്റത്തിനുള്ള അപേക്ഷകൾ ഉചിതമാർഗ്ഗേണ സമർപ്പിക്കുന്നതിനോടൊപ്പം Online ആയി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് Approval രേഖപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ചില കാര്യാലയങ്ങളിൽ നിന്നും ലഭ്യമായിട്ടുള്ള Online അപേക്ഷകൾ Approval-ലൊ , Non Approval-ലൊ രേഖപ്പെടുത്താതെയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതാത് കാര്യാലയങ്ങളിൽ നിന്നും പരിശോധിച്ച് Approval നൽകിയിട്ടുള്ള അപേക്ഷകൾ മാത്രമെ General Transfer നടത്തുന്നതിലേക്ക് പരിഗണിക്കുകയുള്ളൂ. Approval നൽകാൻ കഴിയില്ലാത്ത അപേക്ഷകൾ നിർബന്ധമായും "Not Approved" രേഖപ്പെടുത്തിയിരിക്കണം. Approval നൽകുന്നതിനുള്ള അവസാന തീയതി 20.02.2020 വരെ നീട്ടിയിട്ടുണ്ട്. "Approval" രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ഇതിൻ മേൽ വീഴ്ച സംഭവിക്കുന്ന പക്ഷം ആയതിൻ മേലുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ആയിരിക്കും.

ചീഫ് എഞ്ചിനീയർ